**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാലക്കാട്

**08-12-2011**

പത്രക്കുറിപ്പ്

### ജനസമ്പർക്ക പരിപാടി
### ഉദ്യോഗസ്ഥ ജനപക്ഷ സമീപനം വളർത്തിയെടുക്കും

**മുഖ്യമന്ത്രി ഉമ്മൻചാണ്ടി**

ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച പരാതികൾ തീർപ്പാക്കുന്നതിൽ ഉദ്യോഗസ്ഥർ സ്വീകരിച്ച ജനപക്ഷ സമീപനം അധികാരത്തേയും ജനങ്ങളേയും തമ്മിലടുപ്പിക്കുന്നതിനുള്ള സമീപനം സൃഷ്ടിച്ചുവെന്നും ഈ സമീപനം തുടർന്നും എല്ലാ തലങ്ങളിലും ഉണ്ടാക്കിയെടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. പാലക്കാട് വിക്ടോറിയാ കോളേജ് സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്ക പരിപാടിക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭരണ-പ്രതിപക്ഷ ഭേദമില്ലാത്ത കൂട്ടായ്മയുടെ വിജയമാണ് ജനസമ്പർക്ക പരിപാടിയുടെ വിജയത്തിനടിസ്ഥാനം. ജനങ്ങൾക്ക് പ്രശ്നങ്ങളും ആവശ്യങ്ങളും പരാതികളുമുണ്ട്. അതെല്ലാം പരിഗണിക്കപ്പെടണം, അഥവാ ഒരാളുടേയും പ്രശ്നം പരിഹരിക്കപ്പെടാതെ പോകരുത് എന്നതാണ് ഈ പരിപാടിയുടെ പ്രസക്തിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഒന്നും ചെയ്യാൻ കഴിയാത്ത നിയമങ്ങൾ ഉണ്ടാക്കിയിട്ട് ഉദ്യോഗസ്ഥരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അനുഭവങ്ങൾ ഭരണതലത്തിൽ ഒട്ടേറെ പരിഷ്ക്കാരങ്ങൾക്ക് വിനിയോഗിക്കുമെന്നും അദ്ദെഹം പറഞ്ഞു. ജനസമ്പർക്ക പരിപാടിക്ക് തുടർ മോണിറ്ററിങ് സംവിധാനം ഉണ്ടാകുമെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു.

ടൂറിസം-പട്ടികജാതി-പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി എ.പി.അനിൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കലക്ടർ കെ.വി.മോഹൻകുമാർ സ്വാഗതം പറഞ്ഞു. എം.ഹംസ എം.എൽ.എ. ആശംസയർപ്പിച്ചു.

എം.എൽ.എ.മാരായ ഷാഫി പറമ്പിൽ, സി.പി.മുഹമ്മദ്, വി.ടി.ബൽറാം, കെ.വി.വിജയദാസ്, എൻ.ഷംസുദ്ദീൻ, കെ.എസ്.സലീഖ, കെ.അച്യുതൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.കണ്ടമുത്തൻ, മുനിസിപ്പൽ ചെയർമാൻ എ.അബ്ദുൾ ഖുദ്ദൂസ്, കയർ ബോർഡ് മുൻ ചെയർമാൻ വി.എസ്.വിജയരാഘവൻ, ഡി.സി.സി.പ്രസിഡന്റ് സി.വി.ബാലചന്ദ്രൻ, മറ്റ് ജന പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ ഉദ്ഘാടനചടങ്ങിൽ സന്നിഹിതരായിരുന്നു. എ.ഡി.എം. കെ.വി.വാസുദേവൻ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.

(പി.എൻ.പി.3685/2011)

(തുടരും....)

## കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും ഉറപ്പാക്കി മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കും

**മുഖ്യമന്ത്രി ഉമ്മൻചാണ്ടി**

കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും ലഭ്യമാക്കിയുള്ള പരിഹാരമാണ് മുല്ലപ്പെരിയാർ പ്രശ്നം പരിഹാരത്തിന് കേരളം ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. പാലക്കാട് ഗവ. വിക്ടോറിയാ കോളേജ് സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇക്കാര്യത്തിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഏകമനസോടെയാണ് പ്രവർത്തിക്കുന്നതെന്നും, കേരളം-തമിഴ്നാട് എന്ന പ്രാദേശിക വാദം യാതൊരു കാരണവശാലും ഉണ്ടാകരുതെന്നും ഇക്കാര്യത്തിൽ കേരള മനസ് ജാഗരൂകരായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

(പി.എൻ.പി.3686/2011)

## ആദ്യസഹായം ഉണ്ണികൃഷ്ണന്

മുഖ്യമന്ത്രിയുടെ സഹായഹസ്തം ആദ്യം എത്തിയത് നെന്മാറ വല്ലങ്ങി ശിവക്ഷേത്രത്തിലെ ശാന്തിക്കാരൻ ഹരിദേവൻ നമ്പൂതിരിയുടെയും ശ്യാമളയുടെയും പുത്രൻ ഉണ്ണികൃഷ്ണന്.

18 വയസുള്ള ജന്മനാ വികലാംഗനായ ഉണ്ണികൃഷ്ണൻ വന്ന വീൽ ചെയറിനടുത്തേക്ക് ചെന്നാണ് മുഖ്യമന്ത്രി 25000 രൂപ ധനസഹായം നല്കിയത്. ബി.പി.എൽ.റേഷൻ കാർഡും, വികലാംഗ ക്ഷേമ ബോർഡിൽ നിന്നും ഭവന നിർമ്മാണ ധനസഹായവും നല്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രി ഉത്തരവ് നല്കി. കുട്ടിക്കും മാതാവിനും പെൻഷൻ നൽകാനും നിർദ്ദേശം നൽകി.

(പി.എൻ.പി.3687/2011)

## കല്ല്യാണിക്കുട്ടിക്ക് അന്ന് നാട്ടുകാരുടെ സഹായം മകൻ അനൂപിന് ഇപ്പോൾ മുഖ്യമന്ത്രിയുടെ സഹായവും

ചെർപ്പുളശ്ശേരി - കാറൽമണ്ണ തെക്കുമുറി കൈലാസത്തിൽ കല്ല്യാണികുട്ടിയെ ഇതുവരെ നാട്ടുകാർ സഹായിച്ചു. ഇപ്പോൾ മുഖ്യമന്ത്രിയും.

ഏകമകൻ അനൂപ് (22) തലയിലെ ഞരമ്പ് ക്ഷീണിക്കുന്ന രോഗം വന്ന് തളർന്ന് കിടക്കുന്നു. ഭർത്താവ് വിജയൻ 14 വർഷം മുമ്പ് മരിച്ചു. കുടുംബത്തിന്റെ ദൈന്യത കണ്ട് നാട്ടുകാർ മുൻകൈ എടുത്ത് ആർ.ഡി. ഏജൻസി തരമാക്കിക്കൊടുത്തു. മകനെ നോക്കാനാളില്ലാത്തതിനാൽ ബുദ്ധിമുട്ട് മനസിലാക്കിയ നാട്ടുകാർ നിക്ഷേപം നിർദ്ദിഷ്ട സമയങ്ങളിൽ കല്ല്യാണിക്കുട്ടിയുടെ വീട്ടിലെത്തിയാണ് നല്കുന്നത്. മകൾ ദിവ്യയെ അടുത്ത കാലത്ത് വിവാഹം ചെയ്തയച്ചു. അനൂപിന് 25000 രൂപ ധനസഹായവും പെൻഷനും പുറമെ അമ്മ കല്ല്യാണിക്കുട്ടിക്ക് പെൻഷൻ നല്കാനും മുഖ്യമന്ത്രി ഉത്തരവിട്ടു. (പി.എൻ.പി.3688/2011)

(തുടരും....)

## അസ്ഹറിന് മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം ഒപ്പം സഹോദരനെ സഹായിക്കാൻ കഴിയുമെന്ന പ്രതീക്ഷയും

കോട്ടായി കുടക്കാട് അസീസ് – ഐഷാബി ദമ്പതികളുടെ മകൻ അസ്ഹറി(17)ന് ധനസഹായമായി 25000 രൂപ ലഭിച്ചപ്പോൾ സഹോദരൻ ഹാരീസിന് പഠനത്തിന് സഹായിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാമെന്ന മുഖ്യമന്ത്രിയുടെ സംസാരവും അസ്ഹറിന് ഏറെ പ്രതീക്ഷയായി.

നാലര വയസു വരെ നടക്കാൻ കഴിയുമായിരുന്ന അസ്ഹർ ഇപ്പോൾ ശരീരം തളർന്ന് ആകെ അവശതയിലാണ്. സുഹൃത്തുക്കളുടെ സഹായത്തോടെ സഹോദരൻ ഹാരിസ് എം.സി.എ.യ്ക്ക് പഠിക്കുന്നു. ഇദ്ദേഹത്തിന്റെ പഠനത്തെ സഹായിക്കുന്ന കാര്യമാണ് മുഖ്യമന്ത്രി അസ്ഹറിനോട് സൂചിപ്പിച്ചത്. സ്വന്തമായി സ്ഥലമുള്ള അസീസ്-ഐഷാബി ദമ്പതികൾക്ക് വീട് വച്ച് നല്കുന്ന കാര്യവും പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അഞ്ച് വർഷമായി തളർന്ന് കിടക്കുന്ന കെട്ടിട നിർമ്മാണ തൊഴിലാളി പാലക്കോട് രാജേന്ദ്രനും (33) ചികിത്സാ ധനസഹായമായി 25000 രൂപാ മുഖ്യമന്ത്രി അനുവദിച്ചു.

ജന്മനാ തളർച്ച ബാധിച്ച കൊഴിഞ്ഞാമ്പാറ, നീലപ്പാറ കളത്തുവീട് അപർണാ പോൾ രാജിന് (25) 25000 രൂപാ ധനസഹായവും വികലാംഗ പെൻഷനും നല്കാൻ മുഖ്യമന്ത്രി ഉത്തരവായി. അപർണയുടെ അമ്മയ്ക്ക് പെൻഷനും ലഭിക്കും. ഇവരുടെ കുടുംബത്തിന്റെ റേഷൻ കാർഡ് ബി.പി.എൽ. ആക്കാനും മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പ്രമേഹരോഗം മൂലം കാലിലെ രക്തചംക്രമണം തടസപ്പെട്ട് നടക്കാൻ വയ്യാത്ത ബാർബർ തൊഴിലാളി ചിറ്റൂർ മണിക്കാരൻ ചള്ള മേലാർ വീട്ടിൽ ഗംഗാധരനും ചികിത്സാ ധനസഹായമായി 10000 രൂപ മുഖ്യമന്ത്രി അനുവദിച്ചു.

ഒന്നര മാസം മുമ്പ് വീണ് കാലൊടിഞ്ഞ പുതുനഗരം കരിപ്പോട് തറ പാർവതി രാജന് (46) ചികിത്സാച്ചെലവിനായി 5000 രൂപയും ജന്മനാ നടക്കാൻ വയ്യാത്ത കല്ലേപ്പുള്ളി മാണിക്യൻ-ഗീത ദമ്പതികളുടെ മകൻ പ്രതീഷിന് (16) അടിയന്തിര സഹായമായി 20000 രൂപയും നല്കാൻ മുഖ്യമന്ത്രി ഉത്തരവ് നല്കി. ഇദ്ദേഹത്തിന് പെൻഷനും ലഭിക്കും. (പി.എൻ.പി.3689/2011)

**<u>അടിക്കുറിപ്പ്</u>**

1) പൊതുജന സമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ശാരീരിക വൈകല്യമുള്ളവരിൽ നിന്ന് നേരിട്ട് പരാതി കേൾക്കുന്നു. ഉണ്ണികൃഷ്ണൻ (18), അരുണ (22), അനൂപ് (22), രാജേന്ദ്രൻ (33).

2) പൊതുജന സമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ വേദിയിലേക്ക് ആനയിക്കുന്നു. (0071)

3) പൊതുജന സമ്പർക്ക പരിപാടിയിൽ മന്ത്രി എ.പി.അനിൽകുമാർ പൊലീസ് വകുപ്പിന്റെ ഹെൽപ്പ് ലൈൻ ഉദ്ഘാടനം ചെയ്യുന്നു. (0148)

4) പൊതുജന സമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. (113, 124)

(തുടരും....)

## അരുണയ്ക്കും സമീറയ്ക്കും
## മുഖ്യമന്ത്രിയുടെ സഹായഹസ്തം

ചിറ്റൂർ-പട്ടഞ്ചേരി കുവലക്കളം അച്യുതൻ-ഇന്ദിര ദമ്പതികളുടെ മകൾ അരുണയ്ക്കും (22) തിരുവേഗപ്പുറ ആനമൂളി പറമ്പിൽ മുഹമ്മദലി റംല ദമ്പതികളുടെ മകൾ സമീറയ്ക്കും (26), സെമീമ (16)യ്ക്കും മുഖ്യമന്ത്രിയുടെ സഹായഹസ്തം. എസ്.എസ്.എൽ.സി. വരെ പഠിച്ച 300 രൂപാ വികലാംഗ പെൻഷൻ വാങ്ങുന്ന അരുണയ്ക്ക് 20000 രൂപയും സംരക്ഷകയായ മാതാവിന് ഇന്ദിരയ്ക്ക് പെൻഷനും അനുവദിച്ചു.

ജന്മനാ വികലാംഗകളായ സമീറയുടേയും സെമീമയുടേയും കുടുംബത്തിന്റെ റേഷൻ കാർഡ് ബി.പി.എൽ. ആക്കും. വീട് നല്കുന്ന കാര്യം പരിഗണിക്കാനും മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി. (പി.എൻ.പി.3690/2011)

## സ്കൂളുകൾ പൂട്ടരുത്

കല്ലേപ്പുള്ളി പി.എ.എം.എം.യു.പി.സ്കൂൾ മുരുകണി സി.എം.എം.എ.ജെ.ബി. സ്കൂൾ, എൽ.എൻ.പുരം എ.ജെ.ബി.സകൂൾ, ഈ അധ്യയനവർഷം അടച്ചു പൂട്ടരുതെന്ന് മുഖ്യമന്ത്രി ഉത്തരവ് നല്കി. നടന്നു പോകുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ടവർക്ക് അദ്ദേഹം നിർദ്ദേശം നൽകി. സ്കൂൾ സംരക്ഷണ സമിതിക്കുവേണ്ടി ബന്ധപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥികൾ മുഖ്യമന്ത്രി നേരിട്ട് നല്കിയ പരാതിയിലാണ് മുഖ്യമന്ത്രി അടിയന്തിര നടപടിക്ക് ശുപാർശ ചെയ്തത്.

(പി.എൻ.പി.3691/2011)

(തുടരും....)